(ബി) ഇതിന്റെ കാരണമെന്തായിരുന്നു ;

(സി) എന്ത് തുക ആർബിട്രേഷൻ ഇനത്തിൽ ഇതുവരെ സർക്കാർ നല്കിയിട്ടുണ്ട് ;

(ഡി) ആർബിട്രേഷൻ നിറുത്തലാക്കിയത് വഴി അവാർഡ് ആയ എത്ര തുക കരാറുകാർക്ക് നൽകാതിരിക്കാൻ സാധിച്ചിട്ടുണ്ട് ;

(ഇ) ആർബിട്രേഷനുവേണ്ടി സമർപ്പിക്കപ്പെട്ട എത്ര കോടി രൂപയുടെ അപേക്ഷകൾ പെൻഡിംഗ് ഉണ്ട് ;

(എഫ്) കല്ലട പദ്ധതി എന്നത്തേയ്ക്ക് പൂർണ്ണമായി പൂർത്തിയാകും ;

(ജി) ഇതുവരെ ഈ പദ്ധതിക്കുവേണ്ടി ചെലവഴിച്ച തുക എത്ര ; ലോക ബാങ്കിൽ നിന്നും കിട്ടിയ തുക എത്ര എന്ന് അറിയിക്കാമോ ?

ഉത്തരം

(എ) കല്ലട ജലസേചന പദ്ധതിയിൽ, ജി. ഒ. (എം. എസ്.) 85/94/ഐ. ആർ.ഡി. തീയതി 5-12-1994 പ്രകാരം ആർബിട്രേഷനും ജി. ഒ. (ആർ. റ്റി.) 747/96/ഐ.ആർ.ഡി, തീയതി 15-6-1996 പ്രകാരം അഡീഷണൽ വർക്കും നിർത്തലാക്കി.

(ബി) ആർബിട്രേഷൻ അവാർഡ് ഇനത്തിലും അഡീഷണൽ വർക്കുകൾ നൽകിയതുവഴിയും ഭീമമായ തുകകൾ സർക്കാരിന് നഷ്ടമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടതിനാലാണ് ഇവ നിർത്തലാക്കാൻ തീരുമാനിച്ചത്.

(സി) ഇതുവരെയായി 22.39 കോടി രൂപ ഈ ഇനത്തിൽ നല്കിയിട്ടുണ്ട്.

(ഡി) ആർബിട്രേഷൻ നിർത്തലാക്കിയതുവഴി 25.36 കോടി രൂപയുടെ അവാർഡുകൾ നൽകാതിരിക്കാനുള്ള നടപടികളുമായി കോടതിയെ സമീപിച്ചിരിക്കുകയാണ്.

(ഇ) ആർബിട്രേഷനുവേണ്ടി സമർപ്പിക്കപ്പെട്ട അപേക്ഷകൾ ഒന്നും തന്നെ പെൻഡിംഗിലില്ല.

(എഫ്) കല്ലട പദ്ധതി 2001 മാർച്ചിന് മുൻപ് പൂർത്തിയാക്കാനാണ് സർക്കാരിന്റെ ഉദ്ദേശം.

(ജി) ഈ പദ്ധതിക്കുവേണ്ടി 1999 മാർച്ച് 31 വരെ 555.28 കോടി രൂപ ചെലവാക്കി. ലോകബാങ്കിൽ നിന്നും 97.77 കോടി രൂപയാണ് വായ്പ ലഭിച്ചത്.

കൊണ്ടഴിഞ്ഞാൽ - മാളച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

78 (1990) ശ്രീ. യു. എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാള നിയോജകമണ്ഡലത്തിൽപ്പെട്ട കൊണ്ടഴിഞ്ഞാൽ മാളച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്കുവേണ്ടി പൈപ്പുകൾ കുഴിച്ചിട്ടിട്ട് വർഷങ്ങൾ കഴിഞ്ഞ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ലിഫ്റ്റ് ഇറിഗേഷൻ പണി പൂർത്തീകരിച്ച് വെള്ളം അടിക്കുന്നതിനുവേണ്ടി പമ്പ് ഹൗസും മോട്ടോറും സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ വിശദ വിവരം വ്യക്തമാക്കാമോ ;

(സി) ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ എന്ന് പൂർത്തിയാക്കും എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത എൽ. ഐ. സ്കീമിന്റെ പമ്പ് ഹൗസ്, മോട്ടോറും പമ്പും സ്ഥാപിക്കൽ, വൈദ്യുതീകരിക്കൽ എന്നീ പ്രവർത്തികളുടെ പുതുക്കിയ എസ്റ്റിമേറ്റ് സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ആഫീസിൽ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. പുതുക്കിയ എസ്റ്റിമേറ്റ് ലഭിച്ചാലുടനെ അംഗീകാരം നല്കി പണി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) 2000-മാണ്ട് മാർച്ച് മാസത്തോടെ പണി പൂർത്തിയാക്കാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു.

മടമ്പം റഗുലേറ്റർ-കം-ബ്രിഡ്ജ്

79 (1991) ശ്രീ. കെ. സി. ജോസഫ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ മടമ്പം റഗുലേറ്റർ കം-ബ്രിഡ്ജിന് എന്നാണ് ഭരണാനുമതി നല്കിയത് ;

(ബി) 1999-2000 വർഷത്തെ ബഡ്ജറ്റിൽ ഇതിന് എത്ര രൂപ വകയിരുത്തിയിട്ടുണ്ട് ;

(സി) ഇതിന്റെ പണി ടെൻഡർ ചെയ്യാതെയിരിക്കുവാൻ കാരണം എന്താണ് ;

(ഡി) ഇതിന്റെ നിർമ്മാണം ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 31-7-95 ൽ.

(ബി) 30 ലക്ഷം രൂപ.

(സി & ഡി) ഈ പ്രവർത്തിയുടെ ഡീറ്റെയിൽഡ് ഡിസൈൻ അംഗീകരിച്ചിട്ടില്ല. ഇതിനാവശ്യമായ ബോയിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി കണ്ണൂർ യൂണിറ്റിൽ നിന്നും ലഭിക്കേണ്ടതായിട്ടുണ്ട്. റിപ്പോർട്ട് കിട്ടിയാലുടൻ ഇതിന്റെ ഡിസൈൻ ഫൈനലൈസ് ചെയ്യാനും ടെണ്ടർ ചെയ്തു പണി നടത്തുവാനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly